൨൦൪൨
൨|൨|15

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് പ്രോജക്ട്, ഇരിട്ടി - അങ്കണവാടി ഹെൽപ്പറായിരിക്കെ മരണമടഞ്ഞ ശ്രീമതി. ചിത്ര.എം.സി യുടെ സഹോദരി ശ്രീമതി. ഷംന.എം.സി – ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അങ്കണവാടി വർക്കറായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി(ബി) വകുപ്പ്

സ.ഉ(സാധാ) നം .81/2015/സാനീവ — തീയതി, തിരുവനന്തപുരം, **13.02.2015**

---

പരാമർശം : 1) 19.06.1996-ലെ സ.ഉ (സാധാ) നം. 119/1996/സാക്ഷേവ.
2) 24/10/2005-ലെ സ.ഉ (സാധാ) നം. 546/2005/സാക്ഷേവ.
3) സാമൂഹ്യനീതി ഡയറക്ടറുടെ 19.06.2014 ലെയും 27.10.2014 ലെയും ഐ.സി.ഡി.എസ്/ബി6–14284/12 നമ്പർ കത്തുകൾ.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന സംയോജിത ശിശുവികസന സേവന പദ്ധതിയിൻ കീഴിലെ അങ്കണവാടികളിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടി ജീവനക്കാർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ആശ്രിതനിയമനം ലഭിക്കുന്നതിനായി ജീവനക്കാരി മരണമടഞ്ഞ് രണ്ടു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ച് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഇരിട്ടി ഐ.സി.ഡി.എസ് പ്രോജക്ടിൻ കീഴിൽ അങ്കണവാടി സ്ഥിരം ഹെൽപ്പറായിരിക്കെ 27.03.2010 ൽ മരണമടഞ്ഞ ശ്രീമതി. ചിത്ര.എം.സി യുടെ സഹോദരി ശ്രീമതി. ഷംന.എം.സി സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പരേതയായ ശ്രീമതി.ചിത്ര അവിവാഹിതയായതിനാൽ അനന്തരാവകാശ സർട്ടിഫിക്കറ്റിൽ അമ്മയുടെ പേര് മാത്രമായതിനാലും ശ്രീമതി.ഷംന പരേതയുടെ സഹോദരിയാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും ടിയാൾക്ക് ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസമുണ്ടായെന്നും, ആയതിനാൽ പ്രസ്തുത കാലതാമസം മാപ്പാക്കി ടിയാൾക്ക് അങ്കണവാടി വർക്കറായി ആശ്രിതനിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (3) പ്രകാരം അപേക്ഷയും, അനുബന്ധ രേഖകളും സാമൂഹ്യനീതി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരിട്ടി ഐ.സി.ഡി.എസ് പ്രോജക്ടിൻ കീഴിൽ അങ്കണവാടി സ്ഥിരം ഹെൽപ്പറായിരിക്കെ മരണമടഞ്ഞ ശ്രീമതി. ചിത്ര.എം.സി യുടെ സഹോദരി ശ്രീമതി. ഷംന.എം.സി – ക്ക് അപേക്ഷയോടൊപ്പം സാക്ഷ്യപത്രം സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കിയും പരാമർശം (2) – ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥ ഇളവ് ചെയ്തും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അങ്കണവാടി വർക്കറായി നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. അപേക്ഷക ഹാജരാക്കിയ എല്ലാ രേഖകളുടെയും ഒറിജിനൽ സാമൂഹ്യനീതി ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. ഷംന.എം.സി, മോലോത്തും ചാൽ ഹൗസ്, താറ്റ്യോട്, കൂടാളി,കണ്ണൂർ (രജിസ്റ്റേർഡ് തപാലിൽ)
ജില്ലാ സാമൂഹ്യനീതി ഓഫീസർ, കണ്ണൂർ
ശിശുവികസന പദ്ധതി ഓഫീസർ, ഇരിട്ടി, ഐസിഡിഎസ് പ്രോജക്ട്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ‌ആൻ‌റ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ